പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1573 — 13/07/2011-ൽ മറുപടിക്ക്

## ദ്വീപസമൂഹങ്ങളുടെ വികസനത്തിനായി ജിഡ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ദ്വീപ സമൂഹങ്ങളുടെ വികസനത്തിനായി രൂപീകരിച്ച ജിഡ, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; | (എ) ദ്വീപ് സമൂഹങ്ങളുടെ വികസനത്തിനായി രൂപീകരിച്ചിട്ടുള്ള ജിഡയുടെ സെക്രട്ടറി ജില്ലാ കളക്ടറാണ്. നിലവിൽ ജിഡയുടെ പ്രധാന പദ്ധതികൾ ഏറ്റെടുത്ത് നടത്തി കൊണ്ടിരുന്നത് പൊതുമരാമത്ത് വകുപ്പ്, ജലസേജന വകുപ്പ്, ജല അതോറിറ്റി, വൈദ്യുതി ബോർഡ്, ഹൗസിംഗ് ബോർഡ്, കിറ്റ്കോ എന്നീ ഏജൻസികളാണ്. ജില്ലാ ഭരണാധികാരി കൂടിയായ ജില്ലാകളക്ടർ ആൻഡ് സെക്രട്ടറി ജിഡ, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾ അവലോകനം ചെയ്യുന്നതിന് ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ വിളിച്ചു ചേർത്ത് പുരോഗതി വിലയിരുത്തുന്നതിനും, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനും നിലവിൽ സംവിധാനമുണ്ട്.<br><br>ജിഡ ഫണ്ട് ഉപയോഗിച്ച് നടത്തപ്പെടുന്ന വൈപ്പിൻ മുനമ്പം റോഡിലെ 8 പാലങ്ങളുടെ പുനർ നിർമ്മാണം സർക്കാർ പൊതുമരാമത്ത് വകുപ്പിനു നൽകുകയും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും, കെ. എസ്. ഇ. ബി., കെ. ഡബ്ല്യു.എ., ബി. എസ്. എൻ. എൽ., ജിഡ, പോലീസ്, ബഹു: പഞ്ചായത്ത് പ്രസിഡന്റ്, പ്രസ് ക്ലബ് പ്രതിനിധി, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഒരു പ്രതിനിധി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ വകുപ്പുതല കോർഡിനേഷനും മോണിറ്ററിങ്ങും ഉറപ്പു വരുത്തു ന്നതിനുള്ള നടപടി സ്വീകരി ക്കുമോ? | (ബി) | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പുരോഗതി വിലയിരുത്തുന്നതിനും, ജില്ലാ കളക്ടർ ആൻഡ് സെക്രട്ടറി, ജിഡയുടെ കീഴിൽ മേൽ സൂചിപ്പിച്ച വിധം സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ